പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3204 21.06.2013-ൽ മറുപടിക്ക്.

## പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.എ.മാധവൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ആർ.സെൽവരാജ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ചെയ്തിട്ടുള്ളത്; | (എ) പഞ്ചായത്തുകളിൽ പഞ്ചവൽസര പദ്ധതി നടപ്പിലാക്കുന്നതിനായി 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ 18.08.2012 ലെ സ.ഉ.(എം.എസ്)നം. 225/തസ്വഭവ എന്ന ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് lsgd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) പഞ്ചവൽസര പദ്ധതിയായി ഓരോ വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കുമ്പോൾ ദീർഘമായ വികസന കാഴ്ചപ്പാടോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു പോകുന്നതിനും അതു വിഭവസമാഹരണവും പദ്ധതി രൂപീകരണവും എളുപ്പത്തിലാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും സഹായിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിച്ചത്: | (സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് ഇക്കാര്യത്തിൽ എന്തെല്ലാം പുരോഗതികൾ നേടിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ട് ഇനത്തിൽ 73.58% ഉം ബ്ലോക്ക് പഞ്ചായത്തുകൾ 84.1% ഉം കോർപ്പറേഷനും മുനിസിപ്പാലിറ്റികളിലും കൂടി ആകെ 65.42% തുകയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 14 ഗ്രാമ പഞ്ചായത്തുകൾ പൂർണ്ണമായും ഫണ്ട് ചെലവഴിക്കുകയും 87 ഗ്രാമപഞ്ചായത്തുകൾക്ക് 90% ത്തിലധികം ഫണ്ട് വിനിയോഗിക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ